**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2106** **01-09-2022 - ൽ മറുപടിയ്ക്ക്**

**പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ എം മുകേഷ് ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണം മികവുറ്റതാക്കുന്നതിനുവേണ്ടി വീടുകളിൽച്ചെന്ന് സർവേ നടത്തി 30 വയസ്സിന് മുകളിൽ പ്രായമുള്ള ഏവരിലും രോഗസാധ്യത കണ്ടെത്താനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | **നവ കേരള കർമ്മ പദ്ധതി -2 - (ആർദ്രം 2.0) യുടെ ഭാഗമായി "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസ്സ് കഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദം, ബി.എം.ഐ, കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുകയാണ് പ്രധാന ലക്ഷ്യം.**<br><br>**ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു പഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ജീവിത ശൈലി രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുക എന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങൾ ഉണ്ടോ എന്ന് അറിയാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗ് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ നൽകുന്നതിനും അതിലൂടെ ഗുരുതര** |

രോഗങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗ നിർണ്ണയം നടത്തിയ എല്ലാ പേർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

ക്യാൻസർ രോഗം പ്രാരംഭ ദശയിൽ തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഈ രോഗങ്ങളുടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും, രോഗികളുടെയും സ്ഥിതി വിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാധ്യമാകുന്നതാണ്.

'ശൈലീ ആപ്പ്' വഴി ആശപ്രവർത്തകർ മുഖാന്തിരം ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇത് വഴി UHID (യുണിക്ക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. 'ശൈലീ ആപ്പ്' വഴി കണ്ടെത്തുന്ന ഉയർന്ന അപകട സാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്ക് ആവശ്യമുള്ള തുടർ പരിശോധനകളും ചികിത്സകളും നൽകുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നത് വഴി സംസ്ഥാനത്തെ രോഗാതുരത അളക്കാനും, അത് നിയന്ത്രിക്കാനും, തടയാനും ഒപ്പം സങ്കീർണതകൾ കുറയ്ക്കാനുള്ളതുമായ നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും.

സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗ് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ച് ഒരു മാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രനീംഗ് നടത്തിയപ്പോൾ 2 ലക്ഷത്തിൽപരം രോഗികളിൽ റിസ്ക് ഫാക്ടറുകൾ (20.5%) ഉള്ളതായി കണ്ടെത്തുകയും 75000-ൽപരം രോഗികളെ ക്യാൻസർ സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6.3% സ്ത്രീകളെ സ്തനാർബുദത്തിനായും, 1.1% പേരെ

| | | | |
|---|---|---|---|
| | | | **ഗർഭാശയ ഗളാർബുദത്തിനായും, 0.4% പേർ വദനാർബുദത്തിനായും സ്ക്രീനിംഗ് നടത്തുന്നതിന് റഫർ ചെയ്തിട്ടുണ്ട്. കൂടാതെ 11% പേർക്ക് രക്താതിമർദ്ദവും, 9% പേർക്ക് പ്രമേഹവും, 4% പേർക്ക് ഇവ രണ്ടും കൂടി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് അത്യന്തം ഗൗരവമായി കണക്കിലെടുത്ത് കൊണ്ട് ജീവിതശൈലി രോഗങ്ങളുടെ പരിശോധനയും ചികിത്സയും ഉറപ്പു വരുത്തുന്നതിനും, ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും, കൂടാതെ ജനങ്ങളുടെ ജീവിത രീതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിന് മതിയായ ആരോഗ്യ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | സർവേയുടെ പ്രാഥമിക ഘട്ടത്തിൽ പരിശോധനക്ക് വിധേയരായവരിൽ 21 ശതമാനത്തോളം പേർ ഏതെങ്കിലും ഗുരുതര ജീവിതശൈലി രോഗബാധിതരാകാൻ സാധ്യതയുള്ളവരാണെന്ന് കണ്ടെത്തിയ കാര്യം ഗൗരവത്തിലെടുത്ത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | **നവ കേരള കർമ്മ പദ്ധതി -2 - (ആർദ്രം 2.0) യുടെ ഭാഗമായി " അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് " എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസ്സ് കഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദം, ബി.എം.ഐ, കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുകയാണ് പ്രധാന ലക്ഷ്യം.**<br><br>**ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു പഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ജീവിത ശൈലി രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുക എന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങൾ ഉണ്ടോ എന്ന് അറിയാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗ് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ** |

നൽകുന്നതിനും അതിലൂടെ ഗുരുതര രോഗങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗ നിർണ്ണയം നടത്തിയ എല്ലാ പേർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

ക്യാൻസർ രോഗം പ്രാരംഭ ദശയിൽ തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഈ രോഗങ്ങളുടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും, രോഗികളുടെയും സ്ഥിതി വിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാധ്യമാകുന്നതാണ്.

'ശൈലീ ആപ്പ്' വഴി ആശപ്രവർത്തകർ മുഖാന്തിരം ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇത് വഴി UHID (യുണിക്ക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. 'ശൈലീ ആപ്പ്' വഴി കണ്ടെത്തുന്ന ഉയർന്ന അപകട സാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്ക് ആവശ്യമുള്ള തുടർ പരിശോധനകളും ചികിത്സകളും നൽകുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നത് വഴി സംസ്ഥാനത്തെ രോഗാതുരത അളക്കാനും, അത് നിയന്ത്രിക്കാനും, തടയാനും ഒപ്പം സങ്കീർണതകൾ കുറയ്ക്കാനുള്ളതുമായ നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും.

സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗ് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ച് ഒരു മാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രനീംഗ് നടത്തിയപ്പോൾ 2 ലക്ഷത്തിൽപരം രോഗികളിൽ റിസ്ക് ഫാക്ടറുകൾ (20.5%) ഉള്ളതായി കണ്ടെത്തുകയും 75000-ൽപരം രോഗികളെ ക്യാൻസർ സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6.3% സ്ത്രീകളെ

| | | | |
|---|---|---|---|
| | | | **സ്തനാർബുദത്തിനായും, 1.1% പേരെ ഗർഭാശയ ഗളാർബുദത്തിനായും, 0.4% പേർ വദനാർബുദത്തിനായും സ്ക്രീനിംഗ് നടത്തുന്നതിന് റഫർ ചെയ്തിട്ടുണ്ട്. കൂടാതെ 11% പേർക്ക് രക്താതിമർദ്ദവും, 9% പേർക്ക് പ്രമേഹവും, 4% പേർക്ക് ഇവ രണ്ടും കൂടി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് അത്യന്തം ഗൗരവമായി കണക്കിലെടുത്ത് കൊണ്ട് ജീവിതശൈലി രോഗങ്ങളുടെ പരിശോധനയും ചികിത്സയും ഉറപ്പ വരുത്തുന്നതിനും, ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും, കൂടാതെ ജനങ്ങളുടെ ജീവിത രീതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിന് മതിയായ ആരോഗ്യ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.** |
| (സി) | സംസ്ഥാനത്തെ സബ് സെന്ററുകളെയെല്ലാം വെൽനസ് സെന്ററുകളാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയും പ്രാഥമിക തലത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലിരോഗ നിയന്ത്രണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിതരായിട്ടുള്ള നാല് സ്റ്റാഫ് നഴ്സമാരിൽ ഒരാൾക്ക് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ചുമതല നൽകുകയും ആശുപത്രിയിലെത്തുന്ന എല്ലാ രോഗികളെയും പ്രാഥമിക പരിശോധന നടത്തുന്നതിന് പ്രീ ചെക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ 6 ദിവസവും ജീവിതശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും മരുന്ന് വിതരണവും ഉറപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2106 01.09.2022 ൽ മറുപടിക്ക്

## പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണം

| ചോദ്യം<br>ശ്രീ ഐ ബി സതീഷ്<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ<br>ശ്രീ എം മുകേഷ്<br>ശ്രീ. എ. പ്രഭാകരൻ | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണം മികവുറ്റതാക്കുന്നതിനു വേണ്ടി വീടുകളിൽച്ചെന്ന് സർവേ നടത്തി 30 വയസ്സിന് മുകളിൽ പ്രായമുള്ള ഏവരിലും രോഗസാധ്യത കണ്ടെത്താനുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ). & (ബി) | നവ കേരള കർമ്മ പദ്ധതി -2 - (ആർദ്രം 2.0) യുടെ ഭാഗമായി "അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് " എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്തെ 30 വയസ്സ് കഴിഞ്ഞ മുഴുവൻ വ്യക്തികൾക്കും വർഷത്തിൽ ഒരിക്കൽ ആരോഗ്യ പരിശോധന നടത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക സ്ക്രീനിംഗ് പരിപാടി ആരംഭിച്ചിട്ടുണ്ട്. പ്രമേഹം, രക്താതിമർദം, ബി.എം.ഐ, കാൻസർ അടക്കമുള്ള ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുകയാണ് പ്രധാന ലക്ഷ്യം.<br><br>ആദ്യ ഘട്ടത്തിൽ ഒരു നിയമസഭാ മണ്ഡലത്തിൽ നിന്നും ഒരു പഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. ജീവിത ശൈലി രോഗങ്ങളുടെ ഫലപ്രദമായ നിയന്ത്രണത്തിനായി ഇതുസംബന്ധിച്ച ആധികാരികമായ കണക്കുകൾ കണ്ടെത്തുക എന്നത് ഈ രോഗങ്ങളുടെ നിയന്ത്രണത്തിനാവശ്യമായ ആസൂത്രണത്തിന് വളരെ പ്രാധാന്യം സംബന്ധിച്ച ഒന്നാണ്. കൂടാതെ ജീവിതശൈലീ രോഗങ്ങൾ ഉണ്ടോ എന്ന് അറിയാത്ത ഒരു വലിയ വിഭാഗം ജനങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഭവന സന്ദർശനത്തിലൂടെ എല്ലാ ജനങ്ങളെയും സ്ക്രീനിംഗ് വിധേയമാക്കുന്നതിലൂടെ സമൂഹത്തിലെ എല്ലാ രോഗികളെയും കണ്ടെത്തുന്നതിനും മതിയായ ചികിത്സ നൽകുന്നതിനും അതിലൂടെ ഗുരുതര രോഗങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. രോഗ നിർണ്ണയം നടത്തിയ എല്ലാ പേർക്കും |
| (ബി) | സർവേയുടെ പ്രാഥമിക ഘട്ടത്തിൽ പരിശോധനക്ക് വിധേയരായവരിൽ 21 ശതമാനത്തോളം പേർ ഏതെങ്കിലും ഗുരുതര ജീവിതശൈലി രോഗ ബാധിതരാകാൻ സാധ്യതയുള്ള വരാണെന്ന് കണ്ടെത്തിയ കാര്യം ഗൗരവത്തിലെടുത്ത് പൊതുജനാരോഗ്യ സംവിധാനത്തിന്റെ വിപുലീകരണത്തിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.<br><br>ക്യാൻസർ രോഗം പ്രാരംഭ ദശയിൽ തന്നെ കണ്ടെത്താൻ സാധിക്കുന്നതിലൂടെ ഈ രോഗങ്ങളുടെ ചികിത്സ നേരത്തെ ആരംഭിക്കുന്നതിനും ഗുരുതരമായ പ്രത്യാഘാതങ്ങൾ ഒഴിവാക്കുന്നതിനും സാധ്യമാകുന്നു. ഓരോ പ്രദേശത്തെയും രോഗങ്ങളുടെയും, രോഗികളുടെയും സ്ഥിതി വിവര കണക്ക് ലഭ്യമാകുന്നതോടെ വികേന്ദ്രീകൃത ആസൂത്രണം നടത്തുന്നതിനും ഫണ്ട് വിനിയോഗം സുഗമമാക്കുന്നതിനും സാധ്യമാകുന്നതാണ്.<br><br>'ശൈലീ ആപ്പ് 'വഴി ആശപ്രവർത്തകർ മുഖാന്തിരം ശേഖരിക്കുന്ന അടിസ്ഥാന വിവരങ്ങൾ ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയും ഇത് വഴി UHID (യുണിക്ക് ഹെൽത്ത് ഐഡന്റിറ്റി) ലഭിക്കുകയും ചെയ്യും. റഫറൽ സംവിധാനത്തെ ഏറെ എളുപ്പമുള്ളതും കുറ്റമറ്റതുമാക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. 'ശൈലീ ആപ്പ് 'വഴി കണ്ടെത്തുന്ന ഉയർന്ന അപകട സാധ്യതയുള്ള വിഭാഗത്തെ കണ്ടെത്താനും അവർക്ക് ആവശ്യമുള്ള തുടർ പരിശോധനകളും ചികിത്സകളും നൽകുവാനും ലക്ഷ്യമിടുന്നു. കൂടാതെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നത് വഴി സംസ്ഥാനത്തെ രോഗാതുരത അളക്കാനും, അത് നിയന്ത്രിക്കാനും, തടയാനും ഒപ്പം സങ്കീർണതകൾ കുറയ്ക്കാനുള്ളതുമായ നടപടികൾക്കുള്ള വിവരം ലഭിക്കുകയും ചെയ്യും.<br><br>സർവ്വേ ആരംഭിച്ച് ഒരു മാസം പിന്നിടുമ്പോൾ 140 പഞ്ചായത്തുകളിലായി 29% ജനങ്ങളെ സ്ക്രീനിംഗ് വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. ക്യാമ്പയിൻ ആരംഭിച്ച് ഒരു മാസത്തിനകം 10 ലക്ഷം പേരുടെ സ്ക്രീനിംഗ് നടത്തിയപ്പോൾ 2 ലക്ഷത്തിൽപരം രോഗികളിൽ റിസ്ക് ഫാക്ടറുകൾ (20.5%) ഉള്ളതായി കണ്ടെത്തുകയും 75000-ൽപരം രോഗികളെ ക്യാൻസർ സ്ക്രീനിംഗിന് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 6.3% സ്ത്രീകളെ സ്തനാർബുദത്തിനായും, 1.1% പേരെ ഗർഭാശയ ഗളാർബുദത്തിനായും, 0.4% പേർ വദനാർബുദത്തിനായും സ്ക്രീനിംഗ് നടത്തുന്നതിന് റഫർ ചെയ്തിട്ടുണ്ട്. കൂടാതെ 11% |

| | | | |
|---|---|---|---|
| | | | പേർക്ക് രക്താതിമർദ്ദവും, 9% പേർക്ക് പ്രമേഹവും, 4% പേർക്ക് ഇവ രണ്ടും കൂടി സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് അത്യന്തം ഗൗരവമായി കണക്കിലെടുത്ത് കൊണ്ട് ജീവിതശൈലി രോഗങ്ങളുടെ പരിശോധനയും ചികിത്സയും ഉറപ്പ് വരുത്തുന്നതിനും, ആരോഗ്യവകുപ്പിന്റെ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും, കൂടാതെ ജനങ്ങളുടെ ജീവിത രീതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തുന്നതിന് മതിയായ ആരോഗ്യ ബോധവത്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ സബ് സെന്ററുകളെയെല്ലാം വെൽനസ് സെന്ററുകളാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയും പ്രാഥമിക തലത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടത്തുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലിരോഗ നിയന്ത്രണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നിയമിതരായിട്ടുള്ള നാല് സ്റ്റാഫ് നഴ്സുമാരിൽ ഒരാൾക്ക് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയുടെ ചുമതല നൽകുകയും ആശുപത്രിയിലെത്തുന്ന എല്ലാ രോഗികളെയും പ്രാഥമിക പരിശോധന നടത്തുന്നതിന് പ്രീ ചെക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ 6 ദിവസവും ജീവിതശൈലി ക്ലിനിക്കുകൾ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ എല്ലാ ദിവസവും മരുന്ന് വിതരണവും ഉറപ്പാക്കിയിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ